ടൈറ്റാനിയം ഡയോക്സൈഡിന്റെ ഇറക്കുമതി

*13 [614] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
" കെ. അച്യുതൻ:
" എ. സുജനപാൽ:
" വൂഡി വൂയിസ്:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടൈറ്റാനിയം ഉൽപ്പാദനത്തെ പ്രതികൂലമായി ബാധിക്കത്തക്ക വിധത്തിൽ ഇൻഡ്യയിലേക്ക് ടൈറ്റാനിയം ഓക്സൈഡും പിഗ്മെന്റും ഇറക്കുമതി ചെയ്യുന്നുണ്ടോ; എങ്കിൽ ഏതെല്ലാം രാജ്യങ്ങളിൽ നിന്ന് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ രാജ്യങ്ങളിൽ നിന്നുള്ള ഉൽപ്പന്നങ്ങൾ എന്തു വിലയ്ക്കാണ് ഇറക്കുമതി ചെയ്യുന്നത്;

(സി) സംസ്ഥാനം ഉൽപ്പാദിപ്പിക്കുന്ന ടൈറ്റാനിയം ഉൽപ്പന്നത്തിന് എന്തു വിലയാണ്;

(ഡി) ടൈറ്റാനിയം ഇറിടെ കുറഞ്ഞ വിലയ്ക്ക് ഇറക്കുമതി ചെയ്യുന്നതിനെതിരെ എന്തു നടപടിയെടുക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ഉണ്ട്; പ്രധാനമായും ചൈനയിൽ നിന്നാണ് അനട്ടേസ് ഗ്രേഡിലുള്ള ടൈറ്റാനിയം പിഗ്മെന്റ് കൂടുതലായി ഇറക്കുമതി ചെയ്യപ്പെടുന്നത്.

(ബി) ടൺ ഒന്നിന് 55,000 രൂപ മുതൽ 60,000 രൂപ നിരക്കിൽ ചൈനീസ് പിഗ്മെന്റ് ഇൻഡ്യൻ വിപണിയിൽ ലഭ്യമാണ്.

(സി) ടി. ടി. പി. ഉൽപ്പാദിപ്പിക്കുന്ന ടൈറ്റാനിയം ഡയോക്സൈഡ് പിഗ്മെന്റിന് എക്സൈസ് ഡ്യൂട്ടിയും സെയിൽസ് ടാക്സും ഉൾപ്പെടെ വിപണിയിൽ എത്തുമ്പോൾ ടൺ ഒന്നിന് ഏകദേശം 74,000 രൂപയോളമാകും.

(ഡി) ചൈനയിൽ നിന്നും വൻതോതിൽ നടക്കുന്ന ഇറക്കുമതി തടയുന്നതിന് ആന്റി ഡമ്പിംഗ് നികുതി ഏർപ്പെടുത്തുന്നതിനുവേണ്ടി ടി.ടി. പി. കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ കീഴിലുള്ള ആന്റി ഡമ്പിംഗ് ഡയറക്ടറേറ്റിൽ പെറ്റീഷൻ സമർപ്പിക്കുകയും വിശദമായ പരിശോധനയ്ക്കുശേഷം ആന്റി ഡമ്പിംഗ് ഡയറക്ടറേറ്റ് ചൈനയിൽ നിന്നുള്ള അനട്ടേസ് ഗ്രേഡ് പിഗ്മെന്റിന് വിവിധ നിരക്കിൽ ആന്റി ഡമ്പിംഗ് നികുതി ചുമത്താൻ ശുപാർശ നൽകുകയും ചെയ്തു. ഇതു സംബന്ധിച്ച വിജ്ഞാപനം ഇക്കഴിഞ്ഞ ജൂൺ 6-ാം തീയതിയാണ് ആന്റി ഡമ്പിംഗ് ഡയറക്ടറേറ്റ് പുറപ്പെടുവിച്ചത്. ഇതു നടപ്പിൽ വരുന്ന തീയതി കേന്ദ്ര ധനകാര്യ വകുപ്പിൽ നിന്നും ഈ മാസം തന്നെ വിജ്ഞാപനം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആന്റി ഡമ്പിംഗ് നികുതി നടപ്പിൽ വരുമ്പോൾ ചൈനീസ് പിഗ്മെന്റിന്റെ വിലയിൽ ഏകദേശം 15,000 രൂപയോളം വർദ്ധനവ് ഉണ്ടാകും.

LIBRARY ARCHIVES Kerala Legislative Assembly